# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

27.03.18 - ൽ മറുപടിക്ക്.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5526

## കുടുംബശ്രീ മുഖേന പച്ചക്കറി ഉൽപ്പാദനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ കുടുംബശ്രീ മുഖേന പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പ്രവർത്തനങ്ങൾ വഴി പച്ചക്കറി ഉൽപ്പാദനരംഗത്ത് എത്രമാത്രം നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ? | (എ) & (ബി) | ഭക്ഷ്യ സുരക്ഷയും കാർഷിക മേഖലയിൽ സ്വയംപര്യാപ്തതയും നേടുന്നതിനായി കുടുംബശ്രീ, സംഘകൃഷി ഗ്രൂപ്പുകൾ മുഖേന കൃഷി ചെയ്തു വരുന്നു. സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾ അവരുടെ പ്രദേശത്ത് ആവശ്യമുള്ള പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിനായി 'പൊലിവ്' എന്ന പേരിൽ ഒരു ക്യാമ്പെയിൻ 2016 ജൂലൈയിൽ ആരംഭിച്ചിരുന്നു. ഇതുവഴി 15,200 ഗ്രൂപ്പുകൾ കൃഷി ചെയ്തു. 'ഭക്ഷ്യ സുരക്ഷയ്ക്ക് എന്റെ കൃഷി' എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എത്തിക്കുന്നതിനും തങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വയം ഉത്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷ ഭവനം ക്യാമ്പെയിൻ ഈ സാമ്പത്തിക വർഷം കുടുംബശ്രീ സംഘടിപ്പിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 18 ലക്ഷം അയൽക്കൂട്ടാംഗങ്ങൾക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളും സംഘകൃഷി ഗ്രൂപ്പുകളും ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ഇടനിലക്കാരെ ഒഴിവാക്കി മികച്ച വില ലഭ്യമാക്കുന്നതിനുവേണ്ടി 2017 ഒക്ടോബർ മുതൽ കുടുംബശ്രീ ആഴ്ച ചന്തകൾ സംഘടിപ്പിച്ചുവരുന്നു. കൂടുതൽ കുടുംബശ്രീ അംഗങ്ങളെ പച്ചക്കറി കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ